കേരള സർവകലാശാല

Re-accredited by NAAC with A++ GRADE

നം. പി.ആർ. **227/2026** തീയതി : **30/10/2026**

പത്രക്കുറിപ്പ്

പരീക്ഷാവിജ്ഞാപനം

കേരള സർവകലാശാല 2026 ഡിസംബർ 07 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ യൂണിറ്ററി എൽഎൽബി ഡിഗ്രി പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബിഎ/ബിഎസ്സി/ബികോം ന്യൂജെനറേഷൻ ഡബിൾ മെയിൻ (മേഴ്സി ചാൻസ് - 2020 & 2021 അഡ്മിഷൻ), ഒക്ടോബർ 2026 പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പരീക്ഷാഫലം

കേരള സർവകലാശാല കൊമേഴ്സ് പഠന വകുപ്പിൽ 2026 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എംകോം ഗ്ലോബൽ ബിസിനസ് ഓപ്പറേഷൻസ് (2024–2026 ബാച്ച്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ SLCM പ്രൊഫൈൽ മുഖേന വ്യക്തിഗത പരീക്ഷാഫലം പരിശോധിക്കാവുന്നതാണ്.

കേരള സർവകലാശാല കെമിസ്ട്രി പഠന വകുപ്പിൽ 2026 ജൂലൈയിൽ നടത്തിയ എംഎസ്സി കെമിസ്ട്രി (സ്പെഷ്യലൈസേഷൻ ഇൻ ഫംഗ്ഷണൽ മെറ്റീരിയൽസ്) (2024-2026 ബാച്ച് രണ്ടാം സെമസ്റ്റർ സപ്ലിമെന്ററി) (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ SLCM പ്രൊഫൈൽ മുഖേന വ്യക്തിഗതഫലം പരിശോധിക്കാവുന്നതാണ്.

കേരള സർവകലാശാല ഇക്കണോമിക്സ് പഠന വകുപ്പിൽ 2026 ജൂലൈയിൽ നടത്തിയ എംഎ ഇക്കണോമിക്സ് (ഫിനാൻസ്) (2024-2026 ബാച്ച് രണ്ടാം സെമസ്റ്റർ സപ്ലിമെന്ററി) (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ SLCM പ്രൊഫൈൽ മുഖേന വ്യക്തിഗതഫലം പരിശോധിക്കാവുന്നതാണ്.

കേരള സർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ 2026 മെയിൽ നടത്തിയ കമ്പൈൻഡ് ഒന്ന്, രണ്ട് സെമസ്റ്റർ ബിടെക് (2018 സ്കീം - സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 നവംബർ 08 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പ്രാക്ടിക്കൽ/പ്രോജക്ട് വൈവാവോസി

കേരള സർവകലാശാലയുടെ ആറാം സെമസ്റ്റർ ബികോം കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (സപ്ലിമെന്ററി – 2022, 2023 അഡ്മിഷൻ, മേഴ്സി ചാൻസ് – 2014 – 2016 അഡ്മിഷൻ), സെപ്റ്റംബർ 2026 ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ/പ്രോജക്ട് വൈവാവോസി 2026 നവംബർ 03, 04, 09 തീയതികളിൽ അതത് പരീക്ഷാകേന്ദ്രത്തിൽ നടത്തുന്നതായിരിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ടൈംടേബിൾ

കേരള സർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബിഎസ്സി സെപ്റ്റംബർ 2026 (സപ്ലിമെന്ററി - 2022 & 2023 അഡ്മിഷൻ, മേഴ്സി ചാൻസ് - 2013 - 2018 & 2020 അഡ്മിഷൻ), സൈക്കോളജി പ്രാക്ടിക്കൽ പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

വന്ദന മോഹൻദാസ്
പബ്ലിക് റിലേഷൻസ് ഓഫീസർ
E-mail: ku.release@keralauniversity.ac.in